**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153** **29-07-2021 - ൽ മറുപടിയ്ക്ക്**

**അടിസ്ഥാന സൗകര്യ വികസനത്തിൽ കിഫ്ബിയുടെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സമ്പദ് ഘടനയ്ക്ക് ഉത്തേജനം നൽകത്തക്കവിധം അടിസ്ഥാന സൗകര്യ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016 ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വര്ഷംര കാത്തു നില്ക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കി വരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വര്ഷം◌ു തോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നല്കി ക്കൊണ്ട് വിദൂര ഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നു തന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. കിഫ് ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിയ്ക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തങ്ങൾ സുഗമമായി നടക്കുന്നുണ്ട് എന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. പെട്രോളിയം സെസിലൂടെയും, മോട്ടോർ വാഹന നികുതിയുടെ വിഹിതമായും കിഫ്ബിയ്ക്ക് നൽകുന്ന തുകയിൽ ഏതെങ്കിലും കാരണത്താൽ കുറവുണ്ടാകുകയാണെങ്കിൽ അപ്രകാരമുള്ള കുറവ് സർക്കാർ നികത്തുന്നതാണ്. കിഫ്ബി മുഖേന നാളിതു വരെ ആകെ 63257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നല്കിതക്കഴിഞ്ഞു. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, |

| | | | |
|---|---|---|---|
| | | | അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതു വഴി പദ്ധതികള്ക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും, ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതിനു പുറമെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തി വരുകയും ചെയ്യുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവര്ത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂര്ത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടു പോകുന്നത്. |
| (ബി) | പദ്ധതി അവലോകനം, മേൽനോട്ടം, സാങ്കേതിക പരിശോധന എന്നിവ മികച്ച രീതിയിൽ നിർവ്വഹിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കിഫ്ബി സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഗുണനിലവാര പരിശോധന നടത്തുന്നതിന് കിഫ്ബിയ്ക്കു സ്വന്തമായി ഒരു സാങ്കേതിക പരിശോധന വിഭാഗം (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങ്) ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. കിഫ്ബിയുടെ സാങ്കേതിക പരിശോധന വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സെർവേഷൻ ഷീറ്റുകളും, ഒബ്സെർവേഷൻ മെമ്മോകളും SPV യ്ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധന സമിതി നൽകിയ നിർദ്ദേശങ്ങള്ക്ക് അനുസൃതമായി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ ഒബ്സെർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിന് മുമ്പ് കിഫ്ബി പരിശോധന പ്രകാരം നൽകിയ ഒബ്സെർവേഷൻ മെമ്മോകളിലെ നിര്ദ്ദേശങ്ങൾ പാലിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി തടഞ്ഞുവയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു. i. ഓട്ടോ ലാബ്: പദ്ധതികളുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ളസംവിധാനം ആണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയുംഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു. ii. |

| | | | |
|---|---|---|---|
| | | | ഡ്രോൺ ബേസ്ഡ് ക്വാളിറ്റി / പ്രോഗ്രസ്സ് മോണിറ്ററിങ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശചിത്രങ്ങളെടുക്കുകയും പ്രവത്തനങ്ങളുടെപുരോഗതി മനസിലാക്കുകയും ചെയ്യുന്നു. iii. സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്തു പ്രവൃത്തിക്കുന്ന പൂർണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു. iv. നോൺ-ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എക്വിപ്മെന്റ് : കിഫ്ബിയുടെ അത്യാധുനിക ഈ ഉപകരണങ്ങൾ പദ്ധതിയുടെ പ്രവർത്തനങ്ങളെ തടസപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു. v. ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ: നിർമാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥര്ക്ക്ി കിഫ്ബി ഓഫീസിൽ ഇരുന്നു തന്നെ വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു vi. നെറ്റ്‌വർക്ക് ലാബ് സിസ്റ്റം : നൂതന സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കാൻ സാധിക്കുന്ന അത്യാധുനിക ടെസ്റ്റിംഗ് ലാബ്. ടെക്നിക്കൽ റിസോഴ്സ് സെൻറ്റർ: സെൻറ്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ് പി.വി.കൾക്ക് ആവശ്യമുള്ള സാങ്കേതികസഹായങ്ങളും പരിശീലനങ്ങളും ലഭ്യമാക്കുന്നു. ഇതോടൊപ്പം കിഫ്ബിയുടെ അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിലെ ചട്ടങ്ങൾക്ക് അനുസൃതമായാണ് നടന്നു വരുന്നതെന്ന് പരിശോധിക്കുകയും പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |
| (സി) | പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കിഫ്ബി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനു പുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് പുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുകയും ചെയ്യുന്ന രീതി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തന രീതികളിൽ പോരായ്മകൾ കണ്ടെത്തുന്ന പക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തു നിന്നും നൽകി വരുന്നു. |
| (ഡി) | പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് കിഫ്ബി അനുവർത്തിക്കുന്ന നടപടിക്രമം വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന ബജറ്റിലൂടെയോ മന്ത്രിസഭായോഗ തീരുമാനങ്ങളിലൂടെ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളാണ് കിഫ്ബിയിൽ പരിഗണിക്കപ്പെടുന്നത്. ഇങ്ങനെ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ വിശദമായ പദ്ധതി അവലോകനത്തിന് ശേഷം യോഗ്യമായവ ബഹു.മുഖ്യമന്ത്രി ചെയർപേഴ്സൺ ആയിട്ടുള്ള ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നു. |
| (ഇ) | കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് കിഫ്ബി മുഖേന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഏർപ്പെടുത്തേണ്ടിവന്ന ലോക് ഡൌൺ സാഹചര്യങ്ങൾ പൊതുസമൂഹത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതിനൊപ്പം, സർക്കാരിന്റെ നികുതി വരുമാനത്തിലും ഗണ്യമായ കുറവ് ഉണ്ടായി. പ്രതികൂലമായ ഈ സാഹചര്യത്തിലും എല്ലാ വിഭാഗം ജനങ്ങൾക്കും അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിലും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാന സർക്കാർ അതീവജാഗ്രത പുലർത്തിയിരുന്നു. നികുതി ഇനത്തിൽ കാര്യമായ കുറവ് അനുഭവപ്പെട്ടപ്പോഴും, കിഫ് ആക്ട് അനുശാസിക്കുന്ന പ്രകാരമുള്ള വിഹിതം കിഫ്ബിക്ക് കൃത്യമായി നൽകുന്നതിൽ സർക്കാർ ജാഗ്രത പുലർത്തി. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും, കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരുവാൻ കഴിഞ്ഞു. പദ്ധതികൾക്കുള്ള ഫണ്ട് തടസമില്ലാതെ കരാറുകാരിലും അതുവഴി തൊഴിലാളികളും എത്തിക്കുകവഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ |

| | | | |
|---|---|---|---|
| | | | കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി. ഏതാണ്ട് 13000 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിക്കാൻ സാധിച്ചു. സുസജ്ജമായ കിഫ്ബിയുടെ ഓൺലൈൻ സംവിധാനങ്ങൾ ഇതിനു ഒരു മുഖ്യകാരണമാണ്. ഈ കാലയളവിൽ കിഫ്ബിയിലൂടെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ പൂർത്തീകരിക്കപ്പെട്ട പദ്ധതികളായ ഹൈടെക് സ്കൂളുകൾ, ഡയാലിസിസ് യൂണിറ്റുകൾ, കാത്ത് ലാബുകൾ എന്നിവ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധികളെ ഫലപ്രദമായി നേരിടുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇതിനു പുറമെ 2021-22 ലെ പുതുക്കിയ ബഡ്ജറ്റിൽ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐസോലേഷൻ ബ്ലോക്കുകളും, ജില്ലാ ആശുപത്രികളിൽ പീഡിയാട്രിക് ഐ.സി.യു വാർഡുകളും കിഫ്ബി വഴി നിർമ്മിക്കുവാൻ പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികളിലൂടെ വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും മറ്റും ഉണ്ടായ മാറ്റങ്ങൾ കോവിഡ് പ്രതിബന്ധങ്ങളിൽ നിന്നും കേരള സമൂഹത്തെ സാധാരണഗതിയിൽ എത്തിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുവാൻ കിഫ്ബിക്കു കഴിയും എന്നാണ് ഫിച്ച് റേറ്റിംഗ് എന്ന ഏജൻസി 2020 ലെ കിഫ്ബിയുടെ വാർഷിക ക്രെഡിറ്റ് അവലോകന റിപ്പോർട്ടിൽ പ്രതിപാദിച്ചത്.2022-23 കാലഘട്ടത്തിൽ കിഫ്ബിയുടെ നിലവിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ നിർവഹണം അതിന്റെപാരമ്യത്തിൽ ആയിരിക്കും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ആയതിനാൽ കിഫ്ബിമുഖേനയുള്ള ഇത്തരത്തിലുള്ള സകര്മ്മൽകമായ പ്രവർത്തങ്ങൾ കോവിഡ് മൂലം കേരളം നേരിടുന്ന സാമ്പത്തിക മാന്ദ്യം തരണംചെയ്യുന്നതിൽ തുടർന്നും മുഖ്യമായ പങ്കുവഹിക്കും എന്നതിൽ സംശയമില്ല. |

സെക്ഷൻ ഓഫീസർ